<u>**15 -ാം കേരള നിയമസഭ**</u>

<u>**12 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770**</u> <u>**11-10-2024 - ൽ മറുപടിയ്ക്ക്**</u>

<u>**എൻഡോസൾഫാൻ സെൽ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോഡ് എൻഡോസൾഫാൻ സെൽ ഇപ്പോൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സെല്ലിന്റെ ചെയർമാൻ ആരാണെന്നും മറ്റംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് എൻഡോസൾഫാൻ സെല്ലിന്റെ ചെയർമാൻറെയും മറ്റ് അംഗങ്ങളുടെ പേരു വിവരങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു. |
| (സി) | സെല്ലിൻറെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവലോകനം ചെയ്യുകയുമാണ് കാസർഗോഡ് എൻഡോസൾഫാൻ സെല്ലിൻറെ ഉദ്ദേശ്യലക്ഷ്യം |
| (ഡി) | എത്ര മാസം കൂടുമ്പോഴാണ് സെൽ യോഗം ചേരേണ്ടതെന്നും അവസാനമായി യോഗം ചേർന്നത് എപ്പോഴാണെന്നും വ്യക്തമാക്കാമോ; | (ഡി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ സെൽ കൂടുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടില്ല. പ്രസ്തുത സെൽ അവസാനമായി യോഗം ചേർന്നത് 08.01.2023-ലാണ്. |
| (ഇ) | അവസാനമായി ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അവയിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ബാക്കിയുള്ളതുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വേർതിരിച്ച് വിശദമാക്കാമോ? | (ഇ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ സെൽ അവസാനമായി ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളും, ആയതിൻ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അനുബന്ധം 2ായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**കാസർഗോഡ് എൻഡോസൾഫാൻ സെല്ലിലെ ചെയർമാൻറെയും കൺവീനർ / മറ്റ് അംഗങ്ങളുടെയും പേരു വിവരങ്ങൾ**

ചെയർമാൻ- ശ്രീ. പി. എ. മുഹമ്മദ് റിയാസ്, ബഹു. പൊതുമരാമത്തും ടൂറിസവും യുവവജനകാര്യക്ഷേമവും വകുപ്പ് മന്ത്രി
കൺവീനർ - ജില്ലാ കളക്ടർ, കാസർഗോഡ്

അംഗങ്ങൾ

1) ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ - എം.പി (കാസർഗോഡ് ലോകസഭ)

2) ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ (കാഞ്ഞങ്ങാട്)

3) ശ്രീ. സി. എച്ച്. കുഞ്ഞമ്പു എം.എൽ.എ (ഉദുമ)

4) ശ്രീ. എം. രാജഗോപാലൻ എം.എൽ.എ (തൃക്കരിപ്പൂർ)

5) ശ്രീ. എ. കെ. എം അഷറഫ് എം.എൽ.എ (മഞ്ചേശ്വരം)

6) ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ (കാസർഗോഡ്)

7) ശ്രീമതി. ബേബി ബാലകൃഷ്ണൻ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)

8) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മഞ്ചേശ്വരം

9) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കാസർഗോഡ്

10) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കാറഡുക്ക

11) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കാഞ്ഞങ്ങാട്

12) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പരപ്പ

13) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, നീലേശ്വരം

14) പഞ്ചായത്ത് പ്രസിഡന്റ്, എൻമകജെ

15) പഞ്ചായത്ത് പ്രസിഡന്റ്, കുമ്പടാജെ

16) പഞ്ചായത്ത് പ്രസിഡന്റ്, ബെള്ളൂർ

17) പഞ്ചായത്ത് പ്രസിഡന്റ്, ബദിയടുക്ക

18) പഞ്ചായത്ത് പ്രസിഡന്റ്, കാറഡുക്ക

19) പഞ്ചായത്ത് പ്രസിഡന്റ്, മുളിയാർ

20) പഞ്ചായത്ത് പ്രസിഡന്റ്, പനത്തടി

21) പഞ്ചായത്ത് പ്രസിഡന്റ്, കള്ളാർ

22) പഞ്ചായത്ത് പ്രസിഡന്റ്, അജാനൂർ

23) പഞ്ചായത്ത് പ്രസിഡന്റ്, പുല്ലൂർ പെരിയ

24) പഞ്ചായത്ത് പ്രസിഡന്റ്, കയ്യൂർ ചീമേനി

25) ചെയർമാൻ, കാസർഗോഡ് മുനിസിപ്പാലിറ്റി

26) ചെയർമാൻ, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി

27) ചെയർമാൻ, നീലേശ്വരം മുൻസിപ്പാലിറ്റി

28) ശ്രീ. പി. കരുണാകരൻ (മുൻ എം.പി)

29) ശ്രീ. സി. ടി. അഹമ്മദ് അലി (മുൻ മന്ത്രി)

30) ശ്രീ. കെ. കുഞ്ഞിരാമൻ (മുൻ എം.എൽ.എ, തൃക്കരിപ്പൂർ)

31) ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ (മുൻ എം.എൽ.എ)

32) ഡെപ്യൂട്ടി കളക്ടർ (സെൽ ഫോർ റീഹാബിലിറ്റേഷൻ ഓഫ് എൻഡോസൾഫാൻ വിക്ടിംസ്), കളക്ടറേറ്റ്, കാസർഗോഡ്

33) സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (കാസർഗോഡ്), കാഞ്ഞങ്ങാട്

34) അസി.നോഡൽ ഓഫീസർ, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

35) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ

36) ഫിനാൻസ് ഓഫീസർ, കളക്ടേറ്റ്, കാസർഗോഡ്

37) ഡി.എം.ഒ (ആരോഗ്യം,) കാസർഗോഡ്

38) ഡി.എം.ഒ (ആയുർവേദം), കാസർഗോഡ്

39) ഡി.എം.ഒ (ഹോമിയോപതി), കാസർഗോഡ്

40) പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, കാസർഗോഡ്

41) ജില്ലാ സാമൂഹ്യനീതി ഓഫീസർ, കാസർഗോഡ്

42) ജില്ലാ പൊതുവിതരണ ഓഫീസർ, കാസർഗോഡ്

43) ഉപവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, കാസർഗോഡ്

44) ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ മിഷൻ, കാസർഗോഡ്

45) ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, എൻ.പി.ആർ.പി.ഡി കാസർഗോഡ്

46) എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കാസർഗോഡ്

47) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കാസർഗോഡ്

48) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പ്രോജക്റ്റ് ഡിവിഷൻ, കണ്ണൂർ

49) അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ഓരോ ജില്ലാ ഭാരവാഹികൾ

**10-10-2024** ഡോ ആർ ബിന്ദു

**MINISTER**

അനുബന്ധം - 2

## കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ സെൽ 08.01.2023-ൽ അവസാനമായി ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളും, ആയതിൻ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും

1) എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ലഭ്യമായ 20427 അപേക്ഷകളിൽ ആദ്യഘട്ട സ്ക്രീനിംഗ് ഫെബ്രുവരിയോടെ പൂർത്തിയാക്കുന്നതിനും മാർച്ച്-ഏപ്രിൽ മാസത്തോടു കൂടി ക്യാമ്പ് സംഘടിപ്പിക്കണമെന്നും തീരുമാനിച്ചു. (നടപടി -ആരോഗ്യ വകുപ്പ് )

സ്വീകരിച്ച നടപടി : എൻഡോസൾഫാൻ ക്യാമ്പ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഒന്നാംഘട്ട മെഡിക്കൽ പരിശോധനയും മെഡിക്കൽ ബോർഡ് പരിശോധനയും നടന്നു വരുന്നു.

2) എൻമകജെ പഞ്ചായത്തിലെ സായ് ട്രസ്റ്റ് നിർമിച്ചു നൽകിയ വീടുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ ജനുവരി 25 നകം ചെയ്യുന്നതിനും മാർച്ച് 25 ന് ടി പ്രവർത്തികൾ കമ്മീഷൻ ചെയ്യുന്നതിനും തീരുമാനിച്ചു. (നടപടി - വാട്ടർ അതോറിറ്റി)

സ്വീകരിച്ച നടപടി : പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ച്, കുടിവെള്ള വിതരണം ഉറപ്പാക്കുകയും, അർഹരായ ഗുണഭോക്താക്കൾക്ക് 2023 ഡിസംബർ മാസം വീടുകൾ വിതരണം ചെയ്യുകയും ചെയ്തു.

3) ദുരിതബാധിത കുടുംബത്തിന്റെ ലോൺ തള്ളുന്നത് സംബന്ധിച്ചുള്ള തീരുമാനങ്ങൾ സർക്കാർതലത്തിൽ തീരുമാനിക്കാമെന്ന് അറിയിച്ചു.

സ്വീകരിച്ച നടപടി : 10.10.2014-ലെ സ. ഉ. (എം. എസ്) നമ്പർ. 298/2014/ആ.കു.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിതള്ളുന്നത്.

4) വന്ധ്യത പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ തുക തിരിച്ചുപിടിച്ചതുമായി ബന്ധപ്പെട്ട് പ്രസ്തുത അപേക്ഷകൾ എന്തുകൊണ്ട് പരിഗണിച്ചു എന്നതിൽ അന്വേഷണം നടത്താൻ നിർദ്ദേശിച്ചു.

(നടപടി - ഡെപ്യൂട്ടി കളക്ടർ, എൻഡോസൾഫാൻ സെൽ)

സ്വീകരിച്ച നടപടി : വന്ധ്യത പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ തുക തിരിച്ചുപിടിച്ചതുമായി ബന്ധപ്പെട്ട് പ്രസ്തുത അപേക്ഷകളിൻമേൽ ഡെപ്യൂട്ടി കളക്ടർ, കാസർഗോഡ് എൻഡോസൾഫാൻ സെൽ അന്വേഷണം നടത്തിയിരുന്നു. വന്ധ്യത എന്ന കാരണത്താൽ എൻഡോസൾഫാൻ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെട്ട ദമ്പതിമാരിൽ ഒരാളെ മാത്രം പട്ടികയിൽ നിലനിർത്തിയാൽ മതിയെന്നും, വന്ധ്യത എന്ന കാരണത്താൽ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കുട്ടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവരെയും പട്ടികയിൽ നിന്ന് ഒഴിവാക്കുവാൻ 03/07/2020-ലെ ജില്ലാതല സെൽ യോഗത്തിൽ തീരുമാനമായിരുന്നു. ബഹു. സുപ്രീംകോടതിയുടെ വിധിന്യായപ്രകാരം എൻഡോസൾഫാൻ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെട്ട
എല്ലാവർക്കും നഷ്ടപരിഹാര ധനസഹായം അടിയന്തിരമായി ലഭ്യമാക്കേണ്ടതായി വന്നു. ഈ അവസരത്തിൽ വന്ധ്യത പ്രകാരം പട്ടികയിൽ ഉൾപ്പെട്ട 8 വ്യക്തികളുടെ അപേക്ഷകൾ പരിഗണിച്ചെങ്കിലും, സമയബന്ധിതമായി നടപടികൾ സ്വീകരിച്ചതിനാൽ ഈ വിഷയത്തിൽ സർക്കാരിന് നഷ്ടമൊന്നും സംഭവിച്ചില്ല. തുക തിരിച്ചു പിടിച്ചതിനെതിരെയായി ആരും തന്നെ രേഖാമൂലം ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതാണ്.

5) ഒ.പി. 76638 നമ്പർ പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ട ആദിഷ്. എം., S/o രമേഷ്,മുതിരക്കാൽ വീട്, വള്ളിക്കുന്ന്, നീലേശ്വരം എന്ന കുട്ടിയുടെ നിലവിലെ PD കാറ്റഗറിയിൽ നിന്നും MR കാറ്റഗറിയിലേക്ക് മാറ്റാവുന്നതാണെന്ന് തീരുമാനിച്ചു.

സ്വീകരിച്ച നടപടി : ആദിഷ് എം , S/o രമേഷ് എന്ന കുട്ടിയുടെ നിലവിലെ PD കാറ്റഗറിയിൽ നിന്നും MR കാറ്റഗറിയിലേക്ക് മാറ്റിയിട്ടുണ്ട്.

6) ദുരിതബാധിതർക്കുള്ള മരുന്നും ചികിത്സയും ഉറപ്പാക്കണമെന്ന നിർദ്ദേശിച്ചു.(നടപടി - ഡി.എം.ഒ., ആരോഗ്യം )

സ്വീകരിച്ച നടപടി : ദുരിതബാധിതർക്കുള്ള മരുന്നും ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.05.2023-ലെ പി.2/4/2021/2/14/2021/കെ.എസ്.എസ്.എം നമ്പർ നടപടിക്രമം അനുസരിച്ച് 2,54,80,646/- രൂപ 2024-2025 സാമ്പത്തിക വർഷം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

10-10-2024 ഡോ ആർ ബിന്ദു

MINISTER